പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1672 — 05-12-2014 ൽ മറുപടിക്ക്

## തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളുടെ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.എ. മാധവൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങൾക്കായുള്ള പ്രത്യേക പാക്കേജ് പ്രകാരം ഏതെല്ലാം പദ്ധതികളാണ് നാളിതുവരെ നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ;<br><br>(ബി) പദ്ധതി പ്രകാരം അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ നിർവ്വഹണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇതിനായി നീക്കിവെച്ചിരിക്കുന്ന തുകകൾ എത്ര വീതമെന്നും അറിയിക്കാമോ? | (എ) യും (ബി) യും | പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ വിവരം ചുവടെ ചേർക്കുന്നു.<br>ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി 123.52 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ 42.46% പൂർത്തീകരിച്ചിട്ടുണ്ട്. 4609.53 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്.<br>ആർ.കെ.വി.വൈ സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>(1) പെട്ടി, പറയ്ക്ക് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ഫീൽഡ്തല വിലയിരുത്തൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി 100 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്.<br><br>(2) പച്ചക്കറി കൃഷി വ്യാപനത്തിനായി 163 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി 201 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| | | (3) കറവമാട്, താറാവ് വളർത്തൽ പദ്ധതിയുടെ ഭാഗമായി 636 കറവമാട്ടുകളെയും 74550 താറാവുകളെയും വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 478.53 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.<br>(4) കാർഷിക യന്ത്രവൽക്കരണത്തിനായി യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 2745.30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.<br>(5) മത്സ്യവ്യാപനത്തിനായി 277.84 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 459.4 ഹെക്ടറിൽ മത്സ്യകൃഷി നടപ്പിലാക്കിയിട്ടുണ്ട്.<br>(6) കോഴിവളർത്തൽ പദ്ധതിയ്ക്കായി 479 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. 12 കോഴിക്കുഞ്ഞുങ്ങൾ വീതമുള്ള 15120 യൂണിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.<br>(7) ജൈവകൃഷി വ്യാപനത്തിനായി 65 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നിലവിൽ 490 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ